# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/176/2017 — പത്രക്കുറിപ്പ് — 2017 ആഗസ്റ്റ് 22

**പി. ജി. പ്രൈവറ്റ്/സപ്ലിമെന്ററി/മേഴ്സിചാൻസ് അപേക്ഷാതീയതി**

മൂന്നും നാലും സെമസ്റ്റർ എം. എ/എം.എസ്സി/എം.കോം പ്രൈവറ്റ് (2015 അഡ്മിഷൻ - റഗുലർ & 2015 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി പരീക്ഷകൾക്കും നാലാം സെമസ്റ്റർ എം. എ/എം.എസ്സി/എം.കോം (2012 ന് മുൻപുള്ള അഡ്മിഷൻ - നോൺ സി. എസ്. എസ് - കോളേജ് സ്റ്റഡി) സപ്ലിമെന്ററി പരീക്ഷകൾക്കും പിഴയില്ലാതെ സെപ്റ്റംബർ 8 വരെയും 50 രൂപ പിഴയോടെ 11 വരെയും 500 രൂപ സൂപ്പർഫൈനോടെ 16 വരെയും അപേക്ഷിക്കാം. പരീക്ഷാഫലം കാത്തിരിക്കുന്നവർക്കുള്ള അപേക്ഷാതീയതി പിന്നീട് പ്രഖ്യാപിക്കും. 2002 & 2003 അഡ്മിഷൻ ആന്വൽ സ്കീം പ്രൈവറ്റ് വിദ്യാർത്ഥികളുടെ രണ്ടാം വർഷം, 2004 മുതലുള്ള അഡ്മിഷൻ പ്രൈവറ്റ് വിദ്യാർത്ഥികളുടെ മൂന്നും നാലും സെമസ്റ്റർ, 2001 മുതലുള്ള അഡ്മിഷൻ കോളേജ് സ്റ്റഡി വിദ്യാർത്ഥികളുടെ നാലാം സെമസ്റ്റർ എന്നീ എം. എ/എം.എസ്സി/എം.കോം മേഴ്സിചാൻസ് പരീക്ഷകളും മേൽപറഞ്ഞ പരീക്ഷകൾക്കൊപ്പം നടത്തും മേഴ്സി ചാൻസ് പരീക്ഷകൾക്ക് അപേക്ഷകൾ പിഴയില്ലാതെ സെപ്റ്റംബർ 8 വരെയും 50 രൂപ പിഴയോടെ 11 വരെയും 500 രൂപ സൂപ്പർഫൈനോടെ 16 വരെയും സ്വീകരിക്കും. മൂന്നും നാലും സെമസ്റ്ററുകൾക്ക് ഒന്നിച്ചപേക്ഷിക്കുന്നവർ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഫീസുൾപ്പെടെ 1025/- രൂപ അടക്കണം. മേഴ്സിചാൻസിന് ആദ്യമായി അപേക്ഷിക്കുന്നവർ 5,000/- രൂപയും രണ്ടാമതും അപേക്ഷിക്കുന്നവർ 7,000/- രൂപയും, അവസാന മേഴ്സിചാൻസിന് അപേക്ഷിക്കുന്നവർ 10,000/- രൂപയും സ്പെഷ്യൽ ഫീസായി നിശ്ചിത പരീക്ഷാഫീസിനും സി. വി. ക്യാമ്പ്ഫീസിനും പുറമേ അടക്കണം. അപേക്ഷകൾ ബന്ധപ്പെട്ട പരീക്ഷാവിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർക്ക് നേരിട്ട് സമർപ്പിക്കണം.

**പരീക്ഷാതീയതി**

അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ എം. എസ്സി. കംപ്യൂട്ടർ എഞ്ചിനിയറിംഗ് ആന്റ് നെറ്റ്‌വർക് ടെക്നോളജിപരീക്ഷയുടെ നെറ്റ് വർക് അഡ്മിനിസ്ട്രേഷൻ ആന്റ് സെക്യൂരിറ്റി എന്ന ഇലക്ടീവ് പേപ്പറിന്റെ പരീക്ഷ ആഗസ്റ്റ് 30 ന് രാവിലെ 9.30 മുതൽ 12.30 വരെ നടത്തും.

**പ്രാക്ടിക്കൽപരീക്ഷ**

ചങ്ങനാശ്ശേരി സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷനിലെ രണ്ടാം സെമസ്റ്റർ എം. എ പ്രിന്റ് ആന്റ് ഇലക്ട്രോണിക് ജേർണലിസം - ജൂലായ് 2017 ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 24 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

ഒന്നാം സെമസ്റ്റർ എം. സി. എ (പുതിയ സ്കീം - 2016 അഡ്മിഷൻ റഗുലർ സ്റ്റാസ് & അഫിലിയേറ്റഡ് കോളേജസ്/2011 മുതൽ 2015 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററിസ്റ്റാസ് & അഫിലിയേറ്റഡ് കോളേജസ്/ലാറ്ററൽ എൻട്രി അഫിലിയേറ്റഡ് കോളേജസ് 2016 അഡ്മിഷൻ റഗുലർ, 2013 മുതൽ 2015 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി) ജൂൺ/ജൂലായ് 2017 ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 24 മുതൽ അതാത് കോളേജുകളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**എം. എഡ്. സീറ്റൊഴിവ്**

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ 2017 - 2019 അദ്ധ്യയന വർഷത്തിൽ എം. എഡ് പ്രോഗ്രാമിൽ ജനറൽ വിഭാഗത്തിലും സംവരണ വിഭാഗത്തിലും ഏതാനും സീറ്റുകൾ ഒഴിവുണ്ട്. CAT MGU പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ളവർ ആഗസ്റ്റ് 24 ന് രാവിലെ 11 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ ഹാജരാകണം. പ്രോഗ്രാം ഫീസ് 7900/- . വിവരങ്ങൾക്ക് ഫോൺ : 0481 – 2731042.

**ഖലീൽ ജിബ്രാൻ കാവ്യോത്സവം**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ലെറ്റേഴ്സും, കെ. വി തമ്പി പഠന കേന്ദ്രവും, പൗലോസ് മാർ ഗ്രിഗോറിയസ് ചെയറും സംയുക്തമായി സംഘടിപ്പിക്കുന്ന 'ഖലീൽ ജിബ്രാൻ കാവ്യോത്സവം - 2017' ആഗസ്റ്റ് 25 ന് രാവിലെ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. പ്രൊഫ. മധു ഇറവങ്കര, ഡോ. വി. സി. ഹാരിസ്, ഡോ. എം. എ. അഷ്ക്കർ, എ. മീര, ഡോ. ഉമർ തറമേൽ, റവ. ഫാദർ മാത്യൂ ദാനിയേൽ, ബാബു ജോൺ എന്നിവർ സംസാരിക്കും.

**ലോക ജനതയ്ക്ക് ജൈവകൃഷിയിലേക്ക് മടങ്ങാതിരിക്കാനാവില്ല : എൽ നാരായണ റെഡ്ഡി.**

ലോകജനതയ്ക്ക് ജൈവകൃഷിയിലേക്ക് മടങ്ങാതിരിക്കാനാവില്ലെന്ന് ലോകപ്രശസ്ത കർഷക വക്താവും കേന്ദ്രസർക്കാരിന്റെ ജൈവകൃഷിനയരൂപീകരണ സമിതിയംഗവുമായ എൽ. നാരായണറെഡ്ഡി പറഞ്ഞു. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടത്തുന്ന ജൈവസാക്ഷരതായജ്ഞത്തിന്റെ മുന്നൊരുക്കമായി സർവ്വകലാശാലാ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പ്രകൃതിദത്തമായരീതിയിൽ ജൈവാവശിഷ്ടങ്ങൾ മണ്ണിലേക്ക് ലയിച്ചാൽ മാത്രമേ മണ്ണ് സമ്പുഷ്ടമാകൂ. എന്നാൽ അമിതരാസവള, കീടനാശിനി പ്രയോഗത്താലും ഭൂചൂഷണത്താലും മണ്ണിന്റെ സ്വാഭാവിക ഘടന മാറി. മണ്ണിലെ സൂക്ഷ്മജീവികൾ ഇല്ലാതായി. സ്വാഭാവിക ജൈവ പ്രകൃതങ്ങളിലേക്കുള്ള തിരിച്ചുപോക്ക് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് അദ്ദേഹം പറഞ്ഞു. സർവ്വകലാശാലാ അസംബ്ലിഹാളിൽ നടന്ന ചടങ്ങിൽ സിൻഡിക്കേറ്റംഗം ഡോ എ. എം. തോമസ് അദ്ധ്യക്ഷതവഹിച്ചു. ജൈവം കോ-ഓർഡിനേറ്റർ ജി. ശ്രീകുമാർ സ്വാഗതവും എൻ. എസ്. എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. സന്തോഷ് പി. തമ്പി കൃതജ്ഞതയും രേഖപ്പെടുത്തി.

**അടിക്കുറിപ്പ്**

ലോകപ്രശസ്ത കർഷക വക്താവും കേന്ദ്രസർക്കാരിന്റെ ജൈവകൃഷിനയരൂപീകരണ സമിതിയംഗവുമായ എൽ. നാരായണറെഡ്ഡി മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ജൈവസാക്ഷരതായജ്ഞത്തിന്റെ മുന്നൊരുക്കമായി സർവ്വകലാശാലാ സമൂഹത്തെ അഭിസംബോധന ചെയ്തു സംസാരിക്കുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**